# Video Conference of senior health professionals of SAARC countries on the fight against Covid-19

March 27, 2020

## കോവിഡ് -19 നെതിരെയുള്ള പോരാട്ടത്തെത്തുടർന്ന് SAARC രാജ്യങ്ങളിലെ ഉന്നത ആരോഗ്യ ഉദ്യോഗസ്ഥരുടെ സമ്മേളനം

മാർച്ച് 27, 2020

2020 മാർച്ച് 15 ന് നടന്ന SAARC നേതാക്കൾ പങ്കെടുത്ത വീഡിയോ കോൺഫറൻസിൽ കോവിഡ് -19 നെതിരെ പ്രായോഗികമായ നിലയിലുള്ള പൊതുവായ സഹകരണാടിസ്ഥാനത്തിനുള്ള പ്രതിരോധത്തിനായി SAARC അംഗ രാജ്യങ്ങളിലെ ഉന്നത ആരോഗ്യ പ്രവർത്തകർ പങ്കെടുക്കുന്ന ഒരു വീഡിയോ കോൺഫറൻസ് ഉണ്ടായിരിക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചിരുന്നു.

ഈ പ്രഖാപനത്തിന്റെ ആവിഷ്കരണമായി, എല്ലാ SAARC രാജ്യങ്ങളെയും പ്രതിനിധീകരിച്ചു കൊണ്ട് ഡയറക്ടർ ജെനറൽ ഓഫ് ഹെൽത്ത് സർവീസ് (DGHS) തലത്തിലുള്ള ആരോഗ്യ ഉദ്യോഗസ്ഥരുടെ കോൺഫറൻസ് 2020 മാർച്ച് 26 ന് നടന്നിരുന്നു. ഇന്ത്യയിലെ DGHS അധ്യക്ഷത വഹിച്ച ഈ കോൺഫറൻസിൽ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള ക്രിയാത്മകവും ഫലപ്രദവുമായ പങ്കാളിത്തത്തിൽ കോവിഡ്-19 മായി ബന്ധപ്പെട്ട് വിപുലമായ രീതിയിലുള്ള പ്രശനങ്ങൾ ചർച്ച ചെയ്തു.

ഇന്ത്യയുടെ ഭാഗത്തു നിന്നും രോഗത്തോടുള്ള ജാഗ്രത നിരീക്ഷണം , സമ്പർക്ക നിരീക്ഷണം, യാത്രാനിയന്ത്രണങ്ങളും രക്ഷാപ്രവർത്തനവും, അപകടസാധ്യത കൈകാര്യം ചെയ്യൽ, രോഗനിർണയം,ഐസൊലേഷൻ , ക്വാറന്റൈൻ എന്നിവയുടെ രീതികളും സൗകര്യങ്ങളും രോഗികളുടെ ക്ലിനിക്കൽ മാനേജ്മെന്റ്, ചികിസരീതികളും നയങ്ങളും കൂടാതെ ആരോഗ്യപ്രവർത്തകരുടെ സുരക്ഷ എന്നിവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള അവതരണം നൽകിയിരുന്നു.ഇത് പോലെ തന്നെ എല്ലാ SAARC രാജ്യങ്ങളും അതാത് സജ്ജീകരണങ്ങളിൽ നിന്നുകൊണ്ട് കോവിഡ്-19 പ്രതിരോധത്തെ കുറിച്ചുള്ള സ്വന്തം അനുഭവങ്ങൾ പങ്കുവയ്ച്ചു. എല്ലാ രാജ്യങ്ങളും തങ്ങളുടെ പ്രത്യേക അപകടസാധ്യതകൾ, ശേഷികൾ, മികച്ച പ്രവർത്തങ്ങൾ, വസ്തുക്കളിലും വിഭവങ്ങളിലും വരുന്ന ദൗർലഭ്യത,സ്വകാര്യ പങ്കാളിത്തവും സന്നദ്ധതനിലകൾ എന്നിവ എടുത്തുകാണിക്കുകയുണ്ടായി. SAARC പ്രവിശ്യയിലെ സർക്കാരുകൾ ഏറ്റെടുത്തിട്ടുള്ള വലിയ തോതിലുള്ള അടിയന്തര ഘട്ടങ്ങളെ നേരിടുന്നതിനായി സ്വീകരിക്കുന്ന എല്ലാ കോവിഡ് വിരുദ്ധ സമീപനങ്ങളിലും സാമൂഹിക ഇടപെടലും പങ്കാളിത്തവും പ്രധാന ഘടകമാണെന്ന് തിരിച്ചറിയുകയുണ്ടായി.

കൊറോണ വൈറസ് പകർച്ചവ്യാധിയെ ഒരുമിച്ചു നേരിടുന്നതിനായി SAARC രാജ്യങ്ങൾക്ക് വിവരങ്ങളും, അറിവും , വൈദഗ്ധ്യവും പങ്കുവയ്ക്കുന്നതിനുള്ള പൊതുവായ ഇലക്ട്രോണിക് പ്ലാറ്റ്ഫോം ഇന്ത്യ മുന്നോട്ടു വയ്ച്ചിരുന്നു. ഇത്തരത്തിലുള്ള പ്ളാറ്റ്ഫോമിന്റെ സൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു ,ഇത് ഭാവിയിൽ അത്യാഹിത പ്രതികരണ വിഭാഗത്തിലുള്ള ആളുകൾക്ക് ഓൺലൈൻ പരിശീലനം നൽകുക, വിജ്ഞാന പങ്കാളിത്തങ്ങൾ, ഈ സോഫ്ട്‌വെയർ ഉൾപ്പെടെ

രോഗാവസ്ഥ നിരീക്ഷണത്തിലുള്ള വൈദഗ്ധ്യം പങ്കുവയ്ക്കുക, പകർച്ചവ്യാധികൾ സംബന്ധിച്ചുള്ള പുതിയ രോഗനിർണയ, ചികിത്സ നടപടികൾക്കായുള്ള കൂട്ടായ ഗവേഷണം നടത്തുക എന്നിവയുമായി ബന്ധപ്പെട്ട് വിവിധതലത്തിലുള്ള വസ്തുതകൾ കൂടുതലായി ചർച്ച ചെയ്യുന്നതിനും പ്രവർത്തനങ്ങൾ നടത്തുന്നതിനും ഇത് സഹായകമാകുന്നതാണ്. ഇലക്ട്രോണിക് പ്ലേറ്റ് ഫോം മുഴുവനായും പ്രവർത്തനക്ഷമമാകുന്ന സമയം വരെ എല്ലാ SAARC രാജ്യങ്ങളിലെയും ആരോഗ്യ സേവങ്ങളെ പ്രതിനിധീകരിക്കുന്ന വിഗദ്ധരുടെ ശൃംഖല ഇമെയിൽ/ വാട്സ്ആപ്പ് എന്നിവയിൽ ക്രമീകരിക്കേണ്ടതാണ്, ഇത് വഴി ഉചിതമായ എല്ലാ വിവരങ്ങളും SAARC രാജ്യങ്ങളിലും തത്സമയമായി തന്നെ പങ്കുവയ്ക്കാൻ സാധിക്കുന്നതാണ്.

എല്ലാ SAARC അംഗരാജ്യങ്ങളുടെയും ഉത്സാഹപൂർണവും ക്രിയാത്മകവുമായ പങ്കാളിത്തം ഈ പ്രവിശ്യയിലെ കൊറോണ വൈറസ് പകർച്ചവ്യാധി ഉയർത്തുന്ന വെല്ലുവിളിയെ പ്രതിരോധിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കാനുള്ള പങ്കിട്ട പ്രതിബദ്ധത പ്രകടമാക്കി.

**ന്യൂ ഡൽഹി**
**27 മാർച്ച് , 2020**

**DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**